**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **.3716** 11-11-2019 -ൽ മറുപടിക്ക്

**മലപ്പുറം നിയോജക മണ്ഡലത്തിലെ പ്രളയ ധനസഹായം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ഉബൈദുള്ള** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | മലപ്പുറം നിയോജക മണ്ഡലത്തിൽ 2019-ലെ പ്രളയത്തെത്തുടർന്ന് എത്ര പേർക്ക് അടിയന്തര ധനസഹായമായ പതിനായിരം രൂപ വിതരണം ചെയ്തുവെന്ന് വില്ലേജ് തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ; | എ) | ആനക്കയം-71, മലപ്പുറം - 404, പാണക്കാട് - 239, കോഡൂർ - 36 എന്നീ വില്ലേജുകളിലായി ആകെ 750 കുടുംബങ്ങൾക്ക് 10,000/- രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |
| ബി) | ഓരോ വില്ലേജിലും ക്യാമ്പിൽ പങ്കെടുത്തവർക്കും വീട്ടിൽ വെള്ളം കയറിയവർക്കും ധനസഹായമായ പതിനായിരം രൂപ ഇതുവരെ ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | ബി) | മലപ്പുറം മണ്ഡലത്തിലെ ആനക്കയം, മലപ്പുറം, പാണക്കാട് വില്ലേജുകളിലെ കുടുംബങ്ങൾ മാത്രമാണ് ക്യാമ്പിൽ കഴിഞ്ഞിട്ടുള്ളത്. കോഡൂർ വില്ലേജിലെ ഒരു കുടുംബത്തിന് ഒഴിച്ച് ബാക്കി എല്ലാ കുടുംബങ്ങൾക്കും ധനസഹായം ലഭിച്ചിട്ടുണ്ട്. വീടുകളിൽ വെള്ളം കയറിയത് മൂലം ബന്ധു വീടുകളിലും മറ്റും കഴിഞ്ഞവർക്കുള്ള ധനസഹായം നൽകുന്നതിനുള്ള നടപടി പൂർത്തീകരിച്ചു വരുന്നു. |
| സി) | അർഹതയുള്ള അപേക്ഷകരുടേയും അതിൽ തുക കൈപ്പറ്റിയവരുടേയും കണക്കുകൾ വില്ലേജ് തലത്തിൽ ലഭ്യമാക്കുമോ; | സി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| ഡി) | വീട് നഷ്ടപ്പെട്ടവർക്കും ഭാഗികമായി തകർന്നവർക്കും കൃഷി നാശം സംഭവിച്ചവർക്കും വിതരണം ചെയ്ത നഷ്ടപരിഹാരത്തുകയുടെ കണക്കുകൾ വെളിപ്പെടുത്തുമോ; | ഡി) & ഇ) | കണക്കെടുപ്പുകൾ നടക്കുന്നതേയുള്ളൂ. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ധനസഹായം നൽകി തുടങ്ങുന്നതാണ്. |
| ഇ) | ദുരിതാശ്വാസ ധനസഹായവും നഷ്ടപരിഹാരത്തുകയും പൂർണ്ണമായി എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ